"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം- ഡോ.അശ്വതി കൃഷ്ണൻ.കെ , അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യകേന്ദ്രം , പറളി - കെ.എ.പി 2 ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ അന്യത്ര സേവനം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര(കെ)വകുപ്പ്

സ.ഉ.(സാധാ) നം.407/2024/HOME തീയതി,തിരുവനന്തപുരം, 06-02-2024

പരാമർശം:-

1. 10.05.2013 ലെ 42/2013/ധന നമ്പർ സർക്കുലർ
2. 28.11.2013 ലെ സ.ഉ. (പി) നം.580/2013/ധന നമ്പർ
3. ഡോ.അശ്വതി കൃഷ്ണൻ.കെ-യുടെ 22.08.2023 ലെ അപേക്ഷ
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.12.2023-ലെ നം. ഇഎ6 -13124/2023- ആവഡ കത്ത്
5. സംസ്ഥാന പോലീസ് മേധാവിയുടെ 10.01.2024 ലെ എ8/146945/2023/പിഎച്ച്ക്യൂ നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് കെ.എ.പി 2 ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്ര സേവനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പാലക്കാട് പറളി കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ.അശ്വതി കൃഷ്ണൻ.കെ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ പരമാർശം 5 പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്. ടിയാളുടെ സേവനം മാതൃവകുപ്പിൽ നിന്നും വിട്ടുനൽകുന്നതിന് പരാമർശം 4 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് പറളി കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ.അശ്വതി കൃഷ്ണൻ.കെ-യ്ക്ക് പാലക്കാട് കെ.എ.പി 2 ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് അന്യത്ര സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അന്യത്ര സേവനകാലാവധിയ്ക്കുള്ളിൽ ടിയാൾക്ക് സ്ഥാനക്കയറ്റം ലഭിക്കുകയാണെങ്കിലോ, അന്യത്രസേവന കാലാവധിയ്ക്ക് ശേഷം അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകാത്ത പക്ഷം ടിയാൾ അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ് . അല്ലാത്തപക്ഷം കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം 1 ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും ടി കാലയളവ് , പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

584778/2024/CRU DHS
സ.ഉ.(സാധാ) നം.407/2024/HOME

രാജീവ് ആർ

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

കമാണ്ടന്റ് ,കെ.എ.പി 2 ബറ്റാലിയൻ ,പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) തിരുവനന്തപുരം

ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം

ഡോ.അശ്വതി കൃഷ്ണൻ.കെ , അസിസ്റ്റന്റ് സർജൻ , കുടുംബാരോഗ്യകേന്ദ്രം , പറളി (ഡയറക്ടർ, ആരോഗ്യ വകുപ്പ് മുഖേന)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
Date: 06-02-2024 13:43:23
സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

I/154797/2024

മേലെഴുത്തു നം.ഇഎ6-13124/2023ആവഡ തിയതി. 12.02.2024

ഡോ. അശ്വതി കൃഷ്ണ കെ അസിസ്റ്റന്റ് സർജന് അന്യത്ര സേവനം അനുവദിച്ചു സർക്കാർ ഉത്തരവായിട്ടുണ്ട് ആയതു അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

Signed by Sherly S S
Date: 12-02-2024 13:11:32
Reason: Approved

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി